**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4487** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി വികസന വകുപ്പിന് കീഴിലെ ഓഫീസുകളിലെ സാമ്പത്തിക ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടിക ജാതി വികസന വകുപ്പിന് കീഴിലെ ഏതെല്ലാം ഓഫീസുകളിലാണ് 2016-ന് ശേഷം സാമ്പത്തിക ക്രമക്കേട് നടന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതെന്ന് അറിയിക്കാമോ ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള താഴെ പരാമർശിക്കുന്ന ഓഫീസുകളിൽ 2016 ന് ശേഷം സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 1. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, കോട്ടയം 2. ഇളംദേശം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്,ഇടുക്കി 3. വർക്കല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, തിരുവനന്തപുരം 4. ജില്ലാ പട്ടികജാതി വികസന ഓഫീസ്, മലപ്പുറം 5. കൊല്ലം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്, കൊല്ലം 6. കേരളാധീശ്വരപുരം ഐ.റ്റി.ഐ, മലപ്പുറം 7. പഴയങ്ങാടി പ്രീമെട്രിക്ക് ഹോസ്റ്റൽ, കണ്ണൂർ 8. കുട്ടാലിട പ്രീമെട്രിക്ക് ഹോസ്റ്റൽ, കോഴിക്കോട് 9. അടൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, പത്തനംതിട്ട 10. മാവൂർ പ്രീമെട്രിക്ക് ഹോസ്റ്റൽ, കോഴിക്കോട് 11. കഞ്ഞിക്കുഴി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, ആലപ്പുഴ 12. പള്ളം പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ, കോട്ടയം 13. അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, മലപ്പുറം 14. തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് 15. തൃത്താല മോഡൽ റസിഡൻഷ്യൽ സ്കൂൾ, പാലക്കാട് 16. ബേള ഐ.റ്റി.ഐ., കാസർകോട് |
| (ബി) | പ്രസ്തുത ഓഫീസുകളിൽ എത്ര തുകയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഓഫീസുകളിൽ 2,79,21,061/-(രണ്ട് കോടി എഴുപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിയൊരായിരത്തി അറുപത്തിയൊന്ന് രൂപ മാത്രം) ക്രമക്കേടുകൾ നടന്നിട്ടുള്ളതായി പ്രഥമദൃഷ്ട്യാ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പട്ടികജാതി വികസന വകുപ്പിന് കീഴിലെ ഓഫീസുകളിൽ 2016-ന് ശേഷം വകുപ്പ് നടത്തിയ | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ